സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC. 6964/2016/OAD

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
02/05/2017

## സർക്കുലർ

**വിഷയം:-** ദേവസ്വം ഭരണം മെച്ചപ്പെടുത്തൽ -ഓഡിറ്റ് ഒബ്ജക്ഷനുകൾ- ചുമതലകൾ ക്ളിയർ ചെയ്യുന്നതും, വീഴ്ചക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും- സംബന്ധിച്ച്.

**സൂചന:-** **02.04.2016-** ലെ**ROC 87/2012/EST-1**നമ്പർ ബോർഡുത്തരവ്.

ഓഡിറ്റ് സംബന്ധമായ ബാദ്ധ്യത തുക ഈടാക്കുന്നത് സംബന്ധിച്ചും, ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നത് സംബന്ധിച്ചും ധാരാളം ഉത്തരവുകളും, നിർദേശങ്ങളും മാർഗ്ഗ നിർദേശങ്ങളും ഉണ്ടെങ്കിലും ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. തൻമൂലം ഓഡിറ്റ് നോട്ട് പ്രകാരമുള്ള ബാദ്ധ്യത തുക ഒടുക്ക് വരുത്തുന്ന കാര്യത്തിലും നോട്ട് ക്ളോസ് ചെയ്യുന്ന കാര്യത്തിലും വളരെയധികം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവസ്വങ്ങളിലെ ഓഡിറ്റ് നോട്ട് പ്രകാരമുള്ള ബാദ്ധ്യത തുകകൾ **30.06.2017**-ന് മുമ്പാകെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്ന പക്ഷം അത്തരം ചുമതല തുകകൾ ബന്ധപ്പെട്ട ദേവസ്വത്തിന്റെ ചുമതലക്കാരൻ,അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഓഫീസിലെ ജൂനിയർ സൂപ്രണ്ട്/ സെക്ഷൻ ക്ളാർക്ക് എന്നിവരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ഈ വിഷയത്തിൻമേലുള്ള സ്ഥിതി വിവര റിപ്പോർട്ട് **01.07.2017**-ൽ എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, ആയതിൽ എന്തെങ്കിലും അലംഭാവമോ വീഴ്ചയോ ശ്രദ്ധയിൽപ്പെട്ടാൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം എല്ലാ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
7. ഡയറക്ടർ , സാംസ്കാരിക വിഭാഗം
8. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
   തിരുവനന്തപുരം/പത്തനംതിട്ട/ഹരിപ്പാട്/വൈക്കം
9. അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ
   കൊട്ടാരക്കര/തിരുവല്ല/ ആലുവ
10. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
    തിരുവനന്തപുരം/അമ്പലപ്പുഴ/വൈക്കം
11. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-വൈക്കം
    നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം
    പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള
    കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര,
    ഹരിപ്പാട്, കോട്ടയം, ഏറ്റുമാനൂർ,വൈക്കം,പറവൂർ, തൃക്കാരിയൂർ
12. വിജിലൻസ് ഓഫീസർ
    മാവേലിക്കര/വൈക്കം
13. ഇ.ഡി.പി സെക്ഷൻ
14. സെക്ഷൻ ഫയൽ
15. ഫെയർ ഓഫീസ് കോപ്പി.

**RA**